3. കെട്ടിട നിർമ്മാണ സാമഗ്രികളുടെ ഉൽപ്പാദനശാലകൾ പത്ത് കേന്ദ്രങ്ങളിൽ പ്രവർത്തിക്കുന്നു.

4. നിർമ്മാണ സാമഗ്രികളുടെ ഗുണനിലവാരം പരിശോധിക്കുന്നതിനായി അഞ്ച് കേന്ദ്രങ്ങളിൽ ടെസ്റ്റിംഗ് ലാബുകൾ പ്രവർത്തിക്കുന്നു.

5. പതിമൂന്ന് റീജിയണൽ കേന്ദ്രങ്ങൾ വഴിയും പി.ടി.പി. യിലെ ഹെഡ് ഓഫീസ് വഴിയും യുവതീയുവാക്കൾക്ക് തൊഴിൽ പരിശീലനം നൽകുന്നു.

ഭൂരഹിതരില്ലാത്ത കേരളം പദ്ധതി പ്രകാരം ഭൂമി ലഭിക്കുന്നവർക്ക് ഭവന നിർമ്മാണത്തിന് സഹായം

191 (T*4182) ശ്രീ. എം. ഉമ്മർ :

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി :

ശ്രീ. സി. മോയിൻ കുട്ടി :

ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഭൂരഹിതകേരളം പദ്ധതി പ്രകാരം ഭൂമി ലഭിക്കുന്ന ഗുണഭോക്താക്കൾക്ക് ഭവന നിർമ്മാണത്തിന് സഹായം നല്കുന്നതിനുള്ള പദ്ധതികൾ ഏതെങ്കിലും നിലവിലുണ്ടോ;

(ബി) നിലവിൽ സംസ്ഥാനത്ത് വിവിധ വകുപ്പുകളുടെ കീഴിൽ ഏതെല്ലാം ഭവന പദ്ധതികളാണ് നടപ്പാക്കിവരുന്നതെന്നും, ഓരോ പദ്ധതിയുടെയും സവിശേഷതകളും വ്യക്തമാക്കുമോ;

(സി) ഭൂരഹിതകേരളം പദ്ധതിയുടെ ഗുണഭോക്താക്കൾക്കുമാത്രമായി ഒരു പ്രത്യേക ഭവന നിർമ്മാണ പദ്ധതി ആരംഭിക്കുന്നതിനും, സംസ്ഥാനത്തു നടപ്പാക്കുന്ന എല്ലാ ഭവന നിർമ്മാണ പദ്ധതികളുടെയും നടത്തിപ്പിന്റെ പുരോഗതി അവലോകനം ചെയ്യുന്നതിന് ഒരു ഏജൻസിയെ ചുമതലപ്പെടുത്തുകയും ചെയ്യുന്നകാര്യം പരിഗണിക്കുമോ?

ഉത്തരം

(എ) ഈ വിഭാഗത്തിന് മാത്രമായി പ്രത്യേക ഭവന നിർമ്മാണ പദ്ധതികൾ ഭവന നിർമ്മാണ വകുപ്പിൽ നിലവിലില്ല. സ്വന്തമായി ഭൂമി ലഭ്യമായുള്ളവർക്ക് ഭവന നിർമ്മാണ ബോർഡ് നടപ്പിലാക്കുന്ന ഗൃഹശ്രീ ഭവന പദ്ധതിയിലൂടെ ധനസഹായം ലഭിക്കുന്നതാണ്.

(ബി) വിവരം ശേഖരിച്ചുവരുന്നു.

(സി) നിലവിൽ പരിഗണനയിലില്ല.

---

* 'T' മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

LIBRARY ARCHIVES Kerala Legislative Assembly